**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3463** **08-10-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം പുറപ്പെടുവിച്ച 5-8-2025-ലെ (ഡി. ജി. ഇ. /13618/2025) സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതികൾ രൂപീകരിച്ച് ഭിന്നശേഷി സംവരണ നിയമത്തിനുള്ള കാറ്റഗറി ഒന്നു മുതൽ ഏഴ് വരെയുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഇല്ല. ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം റാങ്ക് ലിസ്റ്റിലുള്ളവർക്ക് 2025 സെപ്റ്റംബർ 12 -നകം നിയമന ശിപാർശ ജില്ലാതല സമിതികൾ നൽകേണ്ടതുമായതിനാൽ ഇതുവരെ എത്ര നിയമന ശിപാർശകൾ ജില്ലാതല സമിതികൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ജില്ലാതല സമിതികൾ നിയമന ശിപാർശകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമനശിപാർശകൾ നൽകിത്തുടങ്ങിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം ഇതുവരെ നികത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (സി) | ഭിന്നശേഷി സംവരണത്തിനായി നിലവിൽ മാനേജർമാർ മാറ്റിവെച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം 1912 ആണ്. ഇതിൽ 1420 ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിൽ 1306 ഒഴിവുകൾ എംപ്ലോയ്മെന്റ് വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ സമിതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതിന് കാലതാമസം നേരിടുന്നതെന്നും പ്രസ്തുത വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ഡി) | ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 3 0.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീക രിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ. (കൈ) നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി |

| | | | |
|---|---|---|---|
| | | | സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ. (കൈ) നം.123/2025/പൊ.വി.വ. തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുട പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്. മാനേജർമാർ ഭിന്നശേഷി സംവരണ നിയമനത്തിനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തി എംപ്ലോയ്മെന്റ് വകുപ്പിന് കൈമാറും. എംപ്ലോയ്മെന്റ് വകുപ്പ്, ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടിക ജില്ലാതല സമിതിയ്ക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനത്തിനായി ശുപാർശ ചെയ്യുകയും ചെയ്യും. ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ